# ജീവനും നിർഭയത്വവും

രണ്ട് പൂച്ചകൾ. കടിപിടിക്കുള്ള ഭാവത്തിലാണ് അവ. വാഗ്വാദവും ചീറ്റലും വെല്ലുവിളിയും ശക്തം. ശൗര്യം നിറഞ്ഞ തേറ്റകളും നഖവും പുറത്തു കാണാം. പെട്ടെന്ന് കൂട്ടത്തിലൊന്ന് ഒരോട്ടം. പിന്നാലെ മറ്റേതും. അല്പം ദൂരമേ അത് മറ്റേതിനെ പിന്തുടർന്നുള്ളൂ. ഒരു കുറ്റിക്കാട്ടിൽ മൂത്രം ചീറ്റി അത് തൻെറ വഴിക്ക് പോയി.

ഒരിക്കൽ ഒരു പരിചയക്കാരൻ സങ്കടം പറഞ്ഞു: ഞാൻ ഇവിടെ വിറ്റു വേറെ എവിടെയെങ്കിലും പോവുകയാ. ജീവിക്കാൻ വയ്യാതായിട്ടുണ്ട് ഇവിടെ."

മുമ്പുണ്ടായിരുന്ന കേസുകളുടെ പക വർഷങ്ങൾക്കു ശേഷം കൊന്നു തീർത്ത സംഭവം മനുഷ്യലോകത്തിന് മാത്രം അവകാശപ്പെട്ടതാവാം. ഏതെങ്കിലും വിഷയത്തിൽ തർക്കം മൂത്താൽ അതിന് സാമൂഹികവും രാഷ്ട്രീയവുമായ മാനം നല്കി അനിഷ്ടകരമായ നിലയിലേക്ക് അതിനെ മാറ്റുന്നതും മനുഷ്യലോകത്ത് മാത്രമുള്ളതാണ്. മനുഷ്യൻ സാമൂഹ്യജീവി എന്ന നിലക്കുള്ളതല്ല അത്, അവൻ അവിവേകിയായതിനാലാണ്.

തന്നെപ്പറ്റി വല്ലവരും അനിഷ്ടകരമായ വല്ലതും പറഞ്ഞെന്നു കേട്ടാൽ അതിൻെറ ഉറവിടത്തിൽനിന്ന് നിജസ്ഥിതിയറിയാതെ പ്രകോപനപരമായി പ്രതികരിക്കൽ ചിലരുടെ സ്വഭാവമാണ്. അതിൻെറ പേരിൽ മനസ്സുകളിൽ ഉണങ്ങാത്ത മുറിവുകളുണ്ടാക്കിയ ശേഷം മനമറിയാതെ കുമ്പസരിക്കുന്നതും മനുഷ്യരുടെ രീതി തന്നെ.

ചെറുപ്പത്തിലെ പല ശീലങ്ങളും സ്വഭാവങ്ങളും പിന്നിൽ ഉപേക്ഷിച്ചാണ് മനുഷ്യൻ വളരുന്നത്. അങ്ങനെ ഒഴിവായിപ്പോകുന്ന ശ്രേഷ്ഠസ്വഭാവങ്ങളിൽ ഒന്നാണ് നിഷ്കളങ്കത. കുട്ടിക്കാലത്തിൻെറ നിഷ്കളങ്കത ഓരോ ഇടപാടിലും പ്രകടിപ്പിക്കാൻ നമുക്ക് വലുപ്പത്തിലും സാധിക്കണം.

ഏത് കാലഘട്ടത്തിലും നിലനിറുത്തുകയും പരിപോഷിപ്പിക്കുകയും ചെയ്യേണ്ട വലിയ ഗുണങ്ങളാണ് സ്നേഹവും ഗുണകാംക്ഷയും. ബുദ്ധിയും മനസ്സും വളരുകയും ബന്ധങ്ങളെ തിരിച്ചറിയുകയും അവയുടെ വിശുദ്ധി മനസ്സിലാവുകയും ചെയ്യും തോറും സ്നേഹത്തിനും ഗുണകാംക്ഷക്കും വിശാലത നല്കാൻ നമുക്ക് സാധിക്കണം. അതിൻെറ അഭാവത്തിലാണ് മേൽസൂചിപ്പിച്ച അഹിതസ്വഭാവം മനുഷ്യരിൽ വളരുന്നതും സമൂഹത്തിൽ അനിഷ്ട സംഭവങ്ങൾ ഉണ്ടാകുന്നതും.

മനുഷ്യർ ചില കാര്യങ്ങൾ മൃഗങ്ങളെ കണ്ടുപഠിക്കേണ്ടതുണ്ട്. വിട്ടുവീഴ്ചയാണതിൽ പ്രഥമം. നേരത്തെ സൂചിപ്പിച്ച സംഭവത്തിലെ പൂച്ച എന്തുകൊണ്ട് തൻെറ ശത്രുമാർജാരനെ കാത്തിരുന്ന് പ്രതികാരം വീട്ടാൻ മുതിർന്നില്ല? ജീവിതത്തിൻെറ അടിസ്ഥാനവിഷയങ്ങളിൽ പെട്ടതാണ് മനുഷ്യരുടെ പ്രതികാരം എന്നാണ് ഉത്തരമെങ്കിൽ അതാണ് വലിയ അവിവേകം.

വർഷങ്ങൾകൊണ്ടും തീർത്താൽ തീരാത്ത പക മനുഷ്യനിൽ മാത്രമാണ് കാണുന്നത്. ജീവികളിൽ ഇതിന് അപ്രമാതിത്വം ഇല്ലെന്നല്ല പറയുന്നത്. പകയും വിദ്വേഷവും മനുഷ്യനിൽ വളർത്തുന്നത് പിശാചാണ്. മനുഷ്യരിൽ മാത്രമേ അവനത് വളർത്തുകയുള്ളൂ. അതിലൂടെ നഷ്ടപ്പെടുന്നത് സാമൂഹികമായ നിർഭയത്വവും വിലപ്പെട്ട ജീവനുമാണ്. അത് പിശാചിൻെറ ആവശ്യം കൂടിയാണ്.

സാമാധാനം നശിപ്പിക്കുന്നതും ജനത്തെ ഭയപ്പെടുത്തുന്നതും കൊടിയ പാതങ്ങളാണ്. ജീവനെ ഹനിക്കുന്നതാകട്ടെ ഒരിക്കലും പൊറുക്കപ്പെടാത്ത കുറ്റകൃത്യവുമാണ്.

ഒരു പ്രശ്നത്തിൻെറ പേരിൽ ചോര ചിന്തുന്നതിനെക്കാൾ എത്ര മധുരം നിറഞ്ഞതാണ് അത് വിട്ടുവീഴ്ചയിലൂടെ പരിഹരിക്കുന്നത്.